## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 772** 23.7.2012-ൽ മറുപടിയ്ക്ക്.

## ലോകായുക്തയുടെ മുൻപാകെയുള്ള തീർപ്പാകാത്ത കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ:<br>" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>" എ.എം. ആരിഫ്:<br>" കെ. സുരേഷ് കുറുപ്പ്: | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ലോകായുക്തയുടെ മുൻപാകെ നിലവിൽ എത്ര കേസുകൾ തീർപ്പാക്കാനായി ബാക്കി നിൽപ്പുണ്ടെന്ന് അറിയിക്കുമോ; | (എ) ലോകായുക്തയുടെ മുൻപാകെ നിലവിൽ 3868 കേസുകൾ തീർപ്പാക്കാനായി ബാക്കി നിൽപ്പുണ്ട്. |
| (ബി) ലോകായുക്തയുടെ ഏതെങ്കിലും അധികാരാവകാശങ്ങൾ എടുത്തുകളയണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ബി) അഴിമതി തടയുന്നതിനും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും വിജിലൻസ് ലോകായുക്ത സ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിന് ശ്രീ. ജസ്റ്റിസ്. കെ.പി. ബാലചന്ദ്രൻ (റിട്ട) അദ്ധ്യക്ഷനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. 1999 ലെ കേരള ലോകായുക്ത ആക്ട് ഭേദഗതി ചെയ്യുന്നതിന് ലോകായുക്ത രജിസ്ട്രാർ സമർപ്പിച്ചിട്ടുള്ള സമഗ്രമായ ഭേദഗതി നിർദ്ദേശങ്ങൾ സമിതിയുടെ പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) ഏതെങ്കിലും കേസുമായി ബന്ധപ്പെട്ട് ഏതെങ്കിലും മന്ത്രിമാർ ഹാജരാകണമെന്ന് ലോകായുക്ത ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് കേസിൽ; | (സി) ലോകായുക്ത മുൻപാകെ ഫയൽ ചെയ്യുന്ന കേസുകളിൽ എതിർകക്ഷികൾക്ക് നോട്ടീസ് അയക്കാൻ ഉത്തരവാകുമ്പോൾ, ടി നോട്ടീസ് പ്രകാരം എതിർകക്ഷി നേരിട്ടോ വക്കീൽ മുഖാന്തിരമോ ഹാജരാകുവാനാണ് നിർദ്ദേശിക്കുന്നത്. |

| | |
|---|---|
| | ഏതെങ്കിലും മന്ത്രിമാർ പ്രത്യേകിച്ച് ഹാജരാകണമെന്ന് ലോകായുക്ത ആവശ്യപ്പെട്ടിട്ടില്ല. |
| (ഡി) കേസിന് ആധാരമായ വിഷയം എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) ബാധകമല്ല |

Joe. C. Nathilankal

സെക്ഷൻ ഓഫീസർ